(സി) 2004-05 ൽ എത്ര കോടി രൂപ വായ്പ നൽകിയെന്നറിയിക്കാമോ;

(ഡി) പ്രസ്തുത വായ്പയുടെ മേഖല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഇ) ഇത് മുൻവർഷത്തേക്കാൾ എത്ര ശതമാനം കൂടുതലുണ്ട് എന്ന് അറിയിക്കാമോ;

(എഫ്) ഓരോ മേഖലയിലും കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) നടപ്പു വർഷം 18832.03 കോടി രൂപയുടെ വായ്പ വിതരണം നടത്താൻ ഉദ്ദേശിക്കുന്നു.

(ബി) വായ്പയുടെ മേഖല തിരിച്ചുള്ള കണക്ക് അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. †

(സി) 2004-05-ൽ 16181.11 കോടി രൂപയുടെ വായ്പ നൽകിയിട്ടുണ്ട്.

(ഡി) വായ്പയുടെ മേഖല തിരിച്ചുള്ള കണക്ക് അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്. †

(ഇ) 1. സർവ്വീസ് സഹകരണബാങ്കുകൾ, അർബൻ ബാങ്കുകൾ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ—18.84%

2. ജില്ലാസഹകരണ ബങ്കുകൾ—24.44%

3. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്—24%

4. കേരള സംസ്ഥാന സഹകരണ ബങ്ക്—22.43%

(എഫ്) കേരളത്തിലെ സഹകരണ ബാങ്കുകൾക്ക് കാർഷിക വായ്പയിലെ വിതരണം ത്വരിതപ്പെടുത്തുന്നതിനും, കാർഷികേതര വായ്പകളുടെ വിതരണം പുതിയ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്കനുസരിച്ച് ബാങ്കിംഗ് പ്രവർത്തനം വിപുലീകരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വായ്പ മറ്റു വായ്പകളെ അപേക്ഷിച്ച് പരിമിതമായാണ് നൽകിയതെങ്കിലും നിബന്ധനകളിൽ ഇളവു വരുത്തി കൂടുതൽ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പിരിച്ചുവിട്ട സഹകരണ സംഘങ്ങളുടെ ഡയറക്ടർ ബോർഡുകൾ

124 [2261] ശ്രീ. പി. ജെ. ജോയി:
,, കെ. മോഹൻകുമാർ:
ശ്രീമതി മേഴ്സി രവി:
ശ്രീ. കെ. സി. ജോസഫ്:
,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

† അനുബന്ധം IX കാണുക.
† അനുബന്ധം IX-A കാണുക.

LIBRARY ARCHIVES Kerala Legislative Assembly

(എ) 1996 മുതൽ 2001 വരെ ഭരിച്ചിരുന്ന എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് പുതിയ സഹകരണ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകളെ ഗവൺമെന്റ് പിരിച്ചുവിട്ടു;

(ബി) അതിൽ എത്രയെണ്ണത്തിന്റെ പിരിച്ചുവിടൽ ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) 1996 മുതൽ 2001 വരെ ഭരിച്ചിരുന്ന എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് 105 സഹകരണ സംഘങ്ങളുടെ ഡയറക്ടർ ബോർഡുകളെ പിരിച്ചുവിടപ്പെട്ടു.

(ബി) 32 എണ്ണത്തിന്റെ പിരിച്ചുവിടൽ ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്.

നെല്ല് സംഭരണം

125 [2262] ശ്രീ. എം. എം. ഹസ്സൻ:
,, ടി. എൻ. പ്രതാപൻ:
,, കെ. മുഹമ്മദാലി:
,, വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച തറവില പ്രകാരം സഹകരണ സംഘങ്ങൾ എത്ര കപ്പിൻറൽ നെല്ല് സംഭരിച്ചു. സംഭരിച്ച നെല്ല് സൂക്ഷിക്കുന്നതിന് ഗോഡൗൺ വാടകയ്ക്ക് എടുത്തതിന് എന്തു തുക ചെലവായി;

(ബി) സഹകരണ സംഘങ്ങൾ സംഭരിച്ച നെല്ല് മില്ലിൽ എത്തിക്കുന്നതിന് വന്ന ചെലവെത്ര;

(സി) സംഘങ്ങൾ നെല്ല് സംഭരണത്തിന് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത തുകയ്ക്കുള്ള പലിശ, ഗോഡൗൺ വാടക കൈകാര്യച്ചെലവ്, നെല്ല് മില്ലിൽ എത്തിച്ചതിന്റെ ചെലവ് എന്നീ വിവിധയിനങ്ങളിൽ സഹകരണ സംഘങ്ങൾക്ക് ഉണ്ടായിട്ടുള്ള മൊത്തം നഷ്ടം എത്രയാണ്;

(ഡി) സംഘങ്ങൾ സംഭരിച്ചതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് നെല്ല് വിൽക്കേണ്ടതായി വന്നിട്ടുള്ളപക്ഷം ആയിനത്തിൽ സംഘങ്ങൾക്ക് ഉണ്ടായിട്ടുള്ള നഷ്ടം എത്രയെന്ന് പറയുമോ?

ഉത്തരം

(എ) 11,69,716 കപ്പിൻറൽ നെല്ല് സംഭരിച്ചിട്ടുണ്ട്. സംഭരിച്ച നെല്ല് സൂക്ഷിക്കുന്നതിന് ഗോഡൗൺ വാടകയിനത്തിൽ 74,90,287 രൂപ ചെലവായി.

(ബി) 2,39,10,492 രൂപ ചെലവായിട്ടുണ്ട്.

(സി) ആകെ നഷ്ടം 9,83,71,316 രൂപയാണ്.

(ഡി) സംഭരിച്ചതിനേക്കാൾ കുറഞ്ഞ വിലക്ക് നെല്ല് വിൽക്കേണ്ടതായി വന്നയിനത്തിൽ സംഘങ്ങൾക്ക് 7,58,22,602 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. കോട്ടയം ജില്ലയിലെ കോട്ടയം താലൂക്കിൽ നെല്ല് മുഴുവനും വിറ്റുതീർന്നിട്ടില്ലാത്തതിനാൽ ബാക്കി ജില്ലകളുടെ കണക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IX

[25-7-2005-ലെ 123 (2260)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക.]

നടപ്പുവർഷം വിവിധ മേഖലകളിൽ വിതരണം നടത്താൻ ഉദ്ദേശിക്കുന്ന തുകയെ സംബന്ധിച്ച വിവരങ്ങൾ

നമ്പർ	ബാങ്കിംഗ് മേഖലകൾ	തുക (കോടിയിൽ)
1	സർവ്വീസ് സഹകരണ ബാങ്കുകൾ, അർബൻ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ:	
	കാർഷിക വായ്പ	3159.02
	കാർഷികേതര വായ്പ	7080.98
	വ്യവസായ വായ്പ	590.09
	വിദ്യാഭ്യാസ വായ്പ	196.74
	ഭവന വായ്പ	2.36
	സ്വയം തൊഴിൽ വായ്പ	127.67
2	ജില്ലാ സഹകരണ ബാങ്കുകൾ:	
	കാർഷിക വായ്പ	1331.04
	കാർഷികേതര വായ്പ	3387.38
	വ്യവസായ വായ്പ	342.18
	വിദ്യാഭ്യാസ വായ്പ	15.37
	ഭവന വായ്പ	32.70
3	കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്:	
	കാർഷിക വായ്പ	185
	കാർഷികേതര വായ്പ	90
	ഭവന വായ്പ	150
	സ്വർണ്ണപണയ വായ്പ	25
	ചെറുകിട വ്യവസായ വായ്പ	50
4	കേരള സംസ്ഥാന സഹകരണ ബാങ്ക്:	
	കാർഷിക വായ്പ	405
	കാർഷികേതര വായ്പകൾ	1661.5

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IX (എ)

[25-7-2005-ലെ 133 (2260)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക.]

2004-05-ൽ വിവിധ മേഖലകളിൽ വിതരണം നടത്തിയ വായ്പയെ സംബന്ധിച്ച വിവരങ്ങൾ

നമ്പർ	ബാങ്കിംഗ് മേഖലകൾ	തുക (കോടിയിൽ)
1	സർവ്വീസ് സഹകരണ ബാങ്കുകൾ, അർബൻ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ:	
	കാർഷിക വായ്പ	2181.94
	കാർഷികേതര വായ്പ	6947.46
	വ്യവസായ വായ്പ	481.89
	വിദ്യാഭ്യാസ വായ്പ	199.18
	ഭവന വായ്പ	2.01
	സ്വയം തൊഴിൽ വായ്പ	127.93
2	ജില്ലാ സഹകരണ ബാങ്കുകൾ:	
	കാർഷിക വായ്പ	1103.47
	കാർഷികേതര വായ്പ	3037.60
	വ്യവസായ വായ്പ	314.55
	വിദ്യാഭ്യാസ വായ്പ	2.51
	ഭവന വായ്പ	26.17
3	കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്:	
	കാർഷിക വായ്പ	103.46
	കാർഷികേതര വായ്പ	73.62
	ഭവന വായ്പ	141.62
	സ്വർണ്ണപണയ വായ്പ	14.16
4	കേരള സംസ്ഥാന സഹകരണ ബാങ്ക്:	
	കാർഷിക വായ്പ	367.35
	കാർഷികേതര വായ്പകൾ	1056.19

LIBRARY ARCHIVES Kerala Legislative Assembly